JANUARY 15 2013

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

VOL 2 ISSUE 1

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **George Thottapuram**
Secretary: **Juby Vennalasseril**
News Editor : **Roy Chelamalayil**

കെസിഎസ് ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു

കെസിഎസ് നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജോർജ് തോട്ടപ്പുറം-പ്രസിഡന്റ്, ജെസ്മോൻ പുറമഠത്തിൽ-വൈസ് പ്രസിഡന്റ്, ജൂബി വെന്നലശ്ശേരി-സെക്രട്ടറി, ബാബു തൈപ്പറമ്പിൽ-ജോ. സെക്രട്ടറി, ജസ്റ്റിൻ തെങ്ങനാട്ട്-ട്രഷറർ, കെസിസിഎൻഎ നാഷണൽ കൗൺസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ബിജു തുരുത്തിയിൽ, സെറിൻ മടയനക്കാവിൽ, ടോണി പുല്ലാപ്പള്ളി, ടോമി നെടിയകാലായിൽ, ജയിംസ് തിരുനെല്ലിപറമ്പിൽ, ലെജിസ്ലേറ്റീവ് ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ടോമി

(ശേഷം പേജ് 7 ൽ)

ക്രിസ്മസ് ന്യൂഇയർ ആഘോഷിച്ചു

കെസിഎസ് ന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് പുതുവത്സരാഘോഷം നടത്തി. ഡിസംബർ 31-ാം തീയതി തിങ്കളാഴ്ച വൈകിട്ട് പ്രസിഡന്റ് സിറിയക് കൂവക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം സേക്രട്ട് ഹാർട്ട് ഇടവക വികാരി ഫാ. സജി പിണർകയിൽ ഉദ്ഘാടനം ചെയ്തു. ഏലീസ തോട്ടിക്കാ

(ശേഷം പേജ് 7 ൽ)

പ്രവർത്തനോദ്ഘാടനവും അഭിവന്ദ്യ പിതാക്കന്മാരുടെ അനുസ്മരണവും ഫെബ്രുവരി 10ന്

കെ.സി.എസ് പുതിയ ഭരണസമിതിയുടെ ഉദ്ഘാടനവും അഭിവന്ദ്യ പിതാക്കന്മാരുടെ ഓർമ്മയാചരണവും ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30 ന് കമ്മ്യൂണിറ്റി സെന്ററിൽ വച്ചു നടത്തപ്പെടുന്നു. ഇതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന സമ്മേളനത്തിൽ കെ.സി.സി.എൻ.എ പ്രസിഡന്റ് ഷീൻസ് ആകശാല ഉൾപ്പെടെയുള്ള സമുന്നത സഭാ സാമുദായിക നേതാക്കൾ പങ്കെടുക്കുന്നതായിരിക്കും. സമ്മേളനത്തോടനുബന്ധിച്ച് വിമൻസ് ഫോറം, സീനിയർ സിറ്റിസൺ ഫോറം കെ.സി.വൈ.എൽ, യുവജന വേദി, കെ. സി. ജെ. എൽ, കിഡ്സ് ക്ലബ് എന്നിവരുടെ നേതൃത്വത്തിലുള്ള കലാസ

(ശേഷം പേജ് 7 ൽ)

അവകാശങ്ങൾക്കായി അണിചേരാം



പുത്തൻപ്രതീക്ഷകളോടെ പുതുവർഷം വന്നെത്തി. ചിക്കാഗോ ക്നാനായ സമുദായത്തിൽ പ്രതീക്ഷയും പ്രത്യാശയും ഉണർത്തിക്കൊണ്ട്, കെ.സി.എസിന്റെ പുതിയ ഭരണസമിതിയും പുതുവർഷത്തിൽ അധികാരമേറ്റിരിക്കുന്നു. ജനാധിപത്യരീതിയിൽ ചിക്കാഗോയിലെ ക്നാനായ സമുദായ അംഗങ്ങൾ അടുത്ത രണ്ട് വർഷത്തേക്ക് നമ്മെ നയിക്കേണ്ടവരെ തിരഞ്ഞെടുത്തിരിക്കുന്നു. ഈ ഭരണസമിതിക്ക് അവരുടെ പ്രവർത്തനങ്ങളിൽ എല്ലാവിധ സഹകരണവും നൽകേണ്ടത്, ചിക്കാഗോയിലെ ഓരോ ക്നാനായക്കാരന്റേയും കടമയും കർത്തവ്യവുമാണ്. കെ.സി.എസിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഭരണസമിതിക്കൊപ്പം സമുദായനന്മയ്ക്കായി എല്ലാ അംഗങ്ങളും സഹകരിക്കുമ്പോൾ ചിക്കാഗായിലെ ക്നാനായ സമുദായമാണ് യഥാർത്ഥത്തിൽ വിജയികളാകുന്നത്. അങ്ങനെ ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളിലൂടെ, മികവിന്റെഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുവാൻ പുതിയ ഭരണസമിതിയ്ക്ക് കഴിയട്ടെ.

നോർത്ത് അമേരിക്കയിലെ ക്നാനായ സമുദായം വലിയ ഒരു പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നമ്മെ നയിക്കുവാനായി നാം തിരഞ്ഞെടുത്തിരിക്കുന്ന ഭാരവാഹികൾക്ക്, സമുദായത്തിന്റേയും സംഘടനയുടേയും വ്യക്തിത്വം കാത്തുസൂക്ഷിക്കുന്ന ഭാരിച്ച ഉത്തരവാദിത്വം നിർവഹിക്കേണ്ടതായുണ്ട്. ക്നാനായ സമുദായത്തിന്റെ വ്യക്തിത്വം അടിയറവു വയ്ക്കുന്ന നീക്കങ്ങൾ ഏതു ഭാഗത്തുനിന്നുണ്ടായാലും അതിനെയൊക്കെ ശക്തിയുക്തം എതിർക്കേണ്ട ചുമതല നാം തിരഞ്ഞെടുക്കുന്നവർക്കുണ്ട്. ശരിയെ അംഗീകരിക്കുവാനും തെറ്റിനെ നിർദയം ചൂണ്ടിക്കാണിക്കുവാനും ഇവർക്ക് സാധിക്കണം. നമുക്ക് അർഹമായത് ചോദിച്ചുവാങ്ങുവാൻ നാം ഇനിയും അമാന്തിച്ചുകൂടാ. നമ്മുടെ പൈതൃകങ്ങളിൽ മായം ചേർക്കുന്നതിന് ആത്മാഭിമാനം ഉള്ള ഒരു ക്നാനായക്കാരനും കൂട്ടുനിൽക്കുവാൻ സാധിക്കുകയില്ല. ഒരു ക്നാനായക്കാരന് ഒരേ സമയം ക്നാനായക്കാരനും കത്തോലിക്കനുമായി നിലകൊള്ളുവാനുള്ള അവകാശം ഉണ്ട്. മറിച്ചുള്ള വാദഗതികൾ തെറ്റാണ്.നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി, കെ.സി.എസ്സ് നേതൃത്വം ശക്തമായ കർമ്മപരിപാടികളുമായി മുന്നോട്ടു പോവുക. ചിക്കാഗോയിലെ ഓരോ ക്നാനായക്കാരനും നിങ്ങൾക്ക് താങ്ങും തണലുമായി ഉണ്ടായിരിക്കും.

ആശംസകളോടെ

റോയി ചേലമലയിൽ
(എഡിറ്റർ)

കമ്മ്യൂണിറ്റി സെന്റർ വാടകയ്ക്ക് കൊടുക്കുന്നു

കമ്മ്യൂണിറ്റി സെന്റർ റെന്റ് ചെയ്യാൻ ആഗ്രഹിക്കുന്നവർ ജോ. സെക്രട്ടറി ബാബു തൈപ്പറമ്പിലിനെ 630 935 2644 എന്ന നമ്പരിൽ വിളിക്കേണ്ടതാണ്.

കെ.സി.എസ് വിശേഷാൽ പൊതുയോഗം

കെ.സി.എസ് വിശേഷാൽ പൊതുയോഗം ഫെബ്രുവരി 2-ാം ശനിയാഴ്ച രാവിലെ 10 മണിക്ക് പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ കെ.സി.എസ് കമ്മ്യൂണിറ്റി സെന്ററിൽ ചേരുന്നതാണ്. ഇതൊരറിയിപ്പായി സ്വീകരിച്ച് കെ.സി.എസ് അംഗങ്ങൾ എല്ലാവരും വിശേഷാൽ പൊതുയോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അജണ്ട

1. 2014 കെ.സി.സി.എൻ.എ കൺവൻഷൻ, കെ.സി.എസ് ആതിഥേയത്വം വഹിക്കുന്നതിനാവശ്യമായ പൊതുയോഗ തീരുമാനത്തിന്മേൽ ചർച്ച.
2. കെ.സി.സി.എൻ.എ കൺവൻഷൻ കമ്മിറ്റികൾ എടുക്കുന്നതു സംബന്ധിച്ചുള്ള കെ.സി.എസ് മുൻ പൊതുയോഗ തീരുമാനത്തിന്മേൽ ചർച്ച, കൺവൻഷൻ ചെയർമാനെ തെരഞ്ഞെടുക്കുന്നതിന് കെ.സി.സി.എൻ.എ ഭരണഘടനയുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതു സംബന്ധമായ ചർച്ച.
3. ആനുകാലിക ക്നാനായ സമുദായ, സഭാ വിഷയങ്ങൾ. 1986ലെ ഓറിയന്റൽ കോൺഗ്രിഗേഷൻ തീരുമാനം തിരുത്താൻ വേണ്ടുന്ന നടപടി ക്രമങ്ങൾക്ക് ആവശ്യമായ ചർച്ച.
4. ഭരണഘടന റിവ്യൂ കമ്മിറ്റി.

സെക്രട്ടറി
ജൂബി വെന്നലശേരി

ക്നാനായ കൺവൻഷൻ 2014

അടുത്ത ക്നാനായ കൺവൻഷൻ ചിക്കാഗോയിൽ നടക്കണമെന്ന് ധാരാളം ചിക്കാഗോക്കാർ ആഗ്രഹിക്കുന്നു. പ്രവാസി ക്നാനായ സമുദായത്തിന്റെ തറവാടായ ചിക്കാഗോയിൽ 2014 ലെ ക്നാനായ കൺവൻഷൻ സാധ്യമാക്കാൻ നിങ്ങൾ ഓരോരുത്തരുടേയും സഹകരണം അത്യാവശ്യമാണ്. ഇനി ചിക്കാഗോയിൽ ഒരു കൺവൻഷൻ വരികയാണെങ്കിൽ അതിന്റെ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത് കെ.സി.സി.എൻ.എ.യുടെ ഭരണഘടനയ്ക്ക് അനുസ്യൂതമായിവേണം. കെ.സി.സി.എൻ.എ. ഭരണഘടന ഇങ്ങനെ അനുശാസിക്കുന്നു. കൺവൻഷൻ നടക്കുന്ന സ്ഥലത്തെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് അംഗങ്ങളും അവിടുത്തെ നാഷണൽ കൗൺസിൽ അംഗങ്ങളും റീജയണൽ വൈസ് പ്രസിഡന്റും സമ്മേളിച്ച് കൺവൻഷൻ ചെയർമാനെ തെരഞ്ഞെടുക്കണം. ഈ തീരുമാനം കെ.സി.എസിൽ നടപ്പിലാക്കുന്നതിലൂടെ ചെയർമാനെ തെരഞ്ഞെടുക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് നമുക്ക് ഒഴിവാക്കാം. അതുപോലെ മറ്റു കൺവൻഷൻ കമ്മിറ്റികൾ എടുക്കുന്നതിലും സുതാര്യമായതും എല്ലാവർക്കും അംഗീകരിക്കാവുന്നതുമായ ഒരു മാർഗരേഖ ഈ പൊതുയോഗത്തിൽ തീരുമാനിക്കണം. നല്ല കാര്യങ്ങൾ സമൂഹത്തിൽ ഉണ്ടാകാൻ ബഹുജനപങ്കാളിത്തവും സഹകരണവും ആവശ്യമാണ്. ആയതിലേക്ക് നിങ്ങൾ ഓരോരുത്തരും ഫെബ്രുവരി 2-ാം തീയതി ശനിയാഴ്ച രാവിലെ പത്തു മണിക്ക് നമ്മുടെ രണ്ടാം ഭവനമായി മാറിയിരിക്കുന്ന കമ്മ്യൂണിറ്റി സെന്ററിൽ എത്തണമെന്ന് എക്സിക്യൂട്ടീവ്സ് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

EXECUTIVE BOARD:
PRESIDENT
GEORGE THOTTAPURAM
847-975-9239
VICE PRESIDENT
JESSMON PURAMADATHIL
224-595-4360
SECRETARY
JUBY VENNALASSERIL
847-293-9261
JOINT SECRETARY
BABU THAIPPARAMBIL
630-935-2644
JUSTIN THENGANATT
847-287-5125
LEGISLATIVE BOARD
Jose Oliyanickal(Chairman)
Jose Thattarettu (V. Chairman)
FINANCE COMMITTEE:
Jaimon Nanthikattu(Chairman)
George Chackalathottiyil
Sunil Koithara
Xavier Madathil
Abraham Ealoor
OUTDOOR COMMITTEE:
Simon Kattapuram (Chairman)
Joby Kuzhiyamparambil
Sijo Kulathilkarottu
Arun Nellamattam
Biju Kannachanparambil
ENTERTAINMENT COMMITTEE:
Zacharia Chelackal(Chairman)
Laly Mukalel
Abin Kulathilkarottu
Thomas Appozhiparambil
NEWSLETTER COMMITTEE:
Roy Chelamalayil (News Editor)
James Mannakulam(Sub Editor)
Santhosh Kalarickaparambil
Sudeep Makkil
MEMBERSHIP COMMITEE:
Tomy Kannala (Chiarman)
Ebi Thekkemalayil
LITURGY COMMITTEE:
Peena Manappallil (Chairwoman)
Jipson Pillaveettil
LAISON BOARD:
Saji Erappuram (Chairman)
Saji Thekkumkattil (V. Chairman)
Binu Kaithakkathottiyil
Tomy Vallipparambil
Lukose Poozhikkunnel
BUILDING BOARD:
Joy Choottuvelil
Raju Nediyakalayil
NATIONAL COUNCIL MEMBERS:
Deepu Kandarappallil (Youth Rep)
Serine Madayanakavil (Women's Rep)
Tomy Nediyakala
James Thirunelliparambil
Tony Pullapally
Biju Thuruthiyil
Jojo Analil
AUDITOR:
Jose Vattadikunnel

പുതുവത്സരാശംസകൾ

പ്രിയ ക്നാനായ സഹോദരീ സഹോദരന്മാരെ,

ഈശ്വരാനുഗ്രഹവും സമ്പൽസമൃദ്ധിയും സന്തോഷവും പ്രധാനം ചെയ്യുന്ന ഒരു വർഷമായി നിങ്ങൾക്ക് 2013 മാറട്ടെ എന്ന് ആശംസിക്കുന്നു. വരുന്ന രണ്ടു വർഷക്കാലം സംഘടനയെ നയിക്കുവാൻ നിങ്ങൾ നൽകിയ അംഗീകാരത്തിന് ഞങ്ങൾ പ്രത്യേകം നന്ദി പറയുന്നു. ക്നാനായ സമുദായവും സംഘടനയും ഈ പ്രവാസി നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ അതിജീവിച്ച് പൂർവ്വ പിതാക്കന്മാരുടെ പാതയിലൂടെ സംഘടനയേയും സമുദായത്തേയും നയിക്കുവാൻ നിങ്ങൾ ഓരോരുത്തരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു. നോർത്ത് അമേരിക്കൻ ക്നാനായ തറവാട് എന്ന അറിയപ്പെടുന്ന ചിക്കാഗോയിലെ ക്നാനായ സമുദായത്തിന് നേതൃത്വം നൽകുക എന്ന ഉത്തരവാദിത്വം ഞങ്ങൾ നിർവഹിക്കുമ്പോൾ നിങ്ങൾ ഏവരുടെയും സഹായസഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ യാത്രയിൽ ഞങ്ങൾക്ക് താങ്ങും തണലുമായി നിങ്ങൾ ഓരോരുത്തരും ഉണ്ടാവുകയും ഒരു കുടുംബാംഗത്തോട് കാണിക്കുന്ന വാത്സല്യത്തോടെ തെറ്റുകളും കുറവുകളും ചൂണ്ടിക്കാണിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ നല്ല നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു.

പുതിയ ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30ന് കമ്മ്യൂണിറ്റി സെന്ററിൽ നടക്കുകയാണ്. ക്രിയാത്മകമായ പല കർമ്മ പരിപാടികളും അന്നേദിവസം തുടക്കം കുറിക്കുന്നതാണ്. നമ്മുടെ സ്വപ്നമായ ഒരു ജിം വാങ്ങുന്നതിനുള്ള ധനസമാഹരണ പരിപാടി, ചിക്കാഗോയിൽ പുതിയതായി വരുന്ന ആൾക്കാർക്ക് വിവിധ തരത്തിലുള്ള സഹായം എത്തിക്കുന്നതിനുള്ള പ്രോജക്ട്, സീനിയർ സിറ്റിസൺ ഫോറം, കേരളത്തിൽ അവശത അനുഭവിക്കുന്ന നമ്മുടെ ക്നാനായ സഹോദരരെ സഹായിക്കുന്നതിനുള്ള "ഡോളർ ഫോർ ക്നാനായ" പ്രോജക്ട് തുടങ്ങി വിവിധ പരിപാടികൾ അന്ന് ഉദ്ഘാടനം ചെയ്യുകയാണ്. പോഷക സംഘടനകൾ പ്രത്യേകം യോഗം ചേർന്ന് വിവിധ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

വിശേഷാൽ പൊതുയോഗം

ഫെബ്രുവരി 2-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ ഒരു വിശേഷാൽ പൊതുയോഗം ചേരുകയാണ്. കെ.സി.സി.എൻ.എയുടെ അടുത്ത കൺവൻഷന് കെ.സി.എസ് ആതിഥേയത്വം വഹിക്കുക, കൺവൻഷൻ കമ്മിറ്റികൾ എടുക്കുന്നതു സംബന്ധിച്ചുള്ള മുൻ പൊതുയോഗ തീരുമാനവും മാറ്റുക, 1986 ലെ റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷൻ പുറപ്പെടുവിച്ച തീരുമാനവും, അതിനോടനുബന്ധിച്ചുള്ള ആനുകാലിക സഭ-സാമുദായിക പ്രശ്നങ്ങളും ചർച്ച ചെയ്യുക, ഭരണഘടന റിവ്യൂ കമ്മറ്റിയെ നിർദ്ദേശിക്കുക ഈ വിഷയങ്ങളാണ് പൊതുയോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ അംഗങ്ങളും വിശേഷാൽ പൊതുയോഗത്തിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

ക്നാനായ ഫോർമുല

ഇന്നത്തെ ആനുകാലിക സഭാ-സാമുദായിക വിഷയത്തിൽ 1986 ൽ റോമിൽ നിന്നുവന്ന തീരുമാനം അതിനുശേഷം അതിനോടനുബന്ധിച്ച് പല സമയങ്ങളിലായി സഭാ മേലദ്ധ്യക്ഷന്മാർ ഇറക്കിയ അനുബന്ധ തീരുമാനങ്ങളും കെ.സി.എസിന് അംഗീകരിക്കാൻ സാധിക്കില്ല. നമ്മൾ ക്നാനായക്കാർ അംഗീകരിക്കുന്ന ഏക ഫോർമുല ജന്മംകൊണ്ടും കർമ്മംകൊണ്ടും സംരക്ഷിക്കപ്പെടുന്ന 'ക്നാനായ ഫോർമുല' മാത്രമേ ഉള്ളൂ. ഈ ഫോർമുലക്ക് എതിരെ പ്രവർത്തിക്കുന്നവർ എത്ര ഉന്നതസ്ഥാനീയർ ആയിരുന്നാലും അവരിൽ ഒരു തിരുത്തൽശക്തിയായി നമ്മൾ എന്നും ഉണ്ടാവും. 1986 ലെ റോമിന്റെ തീരുമാനം തിരുത്തിക്കാൻ വേണ്ട നടപടികൾ ഉണ്ടാവണം. ഈ വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ച വിശേഷാൽ പൊതുയോഗത്തിൽ ഉണ്ടായിരിക്കുന്നതാണ്.

കഴിഞ്ഞ രണ്ടുവർഷത്തെ നിസ്തുലമായ സേവനത്തിന് സിറിയക് കൂവക്കാട്ടിൽ, ബിനു പൂത്തുറയിൽ, സൈമൺ മുട്ടത്തിൽ, മത്യാസ് പുല്ലാപ്പള്ളി, ജോമോൻ തൊടുകയിൽ എന്നിവരോട് ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ പേരിൽ പ്രത്യേകം നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം
ജോർജ് തോട്ടപ്പുറം
പ്രസിഡന്റ്

ലെജിസ്ലേറ്റീവ് ബോർഡ് ഭാരവാഹികൾ



ജോസ് ഓലിയാനിക്കൽ
ലെജിസ്ലേറ്റീവ് ബോർഡ്
(ചെയർമാൻ)

ജോസ് തട്ടാനേട്ട്
ലെജിസ്ലേറ്റീവ് ബോർഡ്
(വൈസ് ചെയർമാൻ)



ജയ്മോൻ നന്തികാട്ട്
(ചെയർമാന്മാർ
ഫൈനാൻസ് കമ്മറ്റി)

സൈമൺ കട്ടപ്പുറം
(ഔട്ട് ഡോർ കമ്മറ്റി
ചെയർമാൻ)



സക്കറിയ ചേലയ്ക്കൽ
(ചെയർമാൻ
എന്റർടെയ്മെന്റ് കമ്മറ്റി)

പീനാ മണപ്പള്ളി
(ചെയർ വുമൺ
ലിറ്റർജി കമ്മറ്റി)

ടോമി കണ്ണാല
(ചെയർമാൻ
മെമ്പർഷിപ് കമ്മറ്റി)

റോയി ചേലമലയിൽ
(ചെയർമാൻ
ന്യൂസ് ലെറ്റർ കമ്മറ്റി)

ഡോളർ ഫോർ ക്നാനായ പദ്ധതിക്കു തുടക്കം

സാമ്പത്തികമായി വിവിധ തലത്തിൽ വിഷമിക്കുന്ന നാട്ടിലുള്ള ക്നാനായ സമുദായ അംഗങ്ങളെ സഹായിക്കുന്നതിനു വേണ്ടി ചിക്കാഗോ ക്നാനായ സമുദായം ഡോളർ ഫോർ ക്നാനായ എന്ന പദ്ധതിക്കു തുടക്കം കുറിക്കുന്നു. ഈ പദ്ധതിയിലേക്ക് നിങ്ങൾ ഒരു ഡോളർ മുതൽ എത്ര വേണമെങ്കിലും സംഭാവന നല്കാം. നിങ്ങളുടെ കുട്ടികളുടെ ജന്മദിനം, വിവാഹവാർഷികം, മറ്റു സന്തോഷകരമായ മുഹൂർത്തങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങളുടെ ഒരു ചെറിയ സംഭാവന സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു സമുദായ അംഗത്തിന് ആശ്വാസമേകുവാൻ നൽകുക. ഒരു കുട്ടിക്ക് സ്കൂളിൽ ഫീസ് കൊടുക്കാൻ, നനയുന്ന മേൽക്കൂര മാറ്റാൻ, മരുന്നു വാങ്ങാൻ, വിവാഹ സഹായം കൊടുക്കാൻ എന്നു വേണ്ട നിരവധി ആവശ്യങ്ങൾക്ക് നിങ്ങളുടെ ഓരോ ചെറിയ സംഭാവനയും കാരണമാകട്ടെ. ഈ പദ്ധതി സുതാര്യമായി നടത്തിക്കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നു. ആയതിനാൽ ഇതിന് മേൽനോട്ടം വഹിക്കുന്ന കമ്മറ്റിയിലേക്ക് ഫാ. സജി പിണർകയിൽ, കുര്യൻ തൊട്ടിച്ചിറ, കെ.സി.എസ്. ട്രഷറർ ജെസ്റ്റിൻ തെങ്ങനാട്ട്, ഫൈനാൻസ് കമ്മറ്റി ചെയർമാൻ ജയ്മോൻ നന്തികാട്ട് എന്നിവരേയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്.

K.C.J.L

Rajesh Kizhakkethil and Prathibha Thatchatt will be the co-ordinators for K.C.J.L. The first meeting of K.C.J.L will be held on Friday, February 1 at 6.30 pm at the Community Centre. Parents please send your kids to the K.C.J.L meeting.

കെ.സി.സി.എൻ.എ. തെരഞ്ഞെടുപ്പ് ചിക്കാഗോയിൽ

ദീപു
കണ്ടാരപ്പള്ളി

സെറീനാ
മടയനക്കാവിൽ

കെ.സി.സി.എൻ.എയുടെ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് മാർച്ച് 2-ാം തീയതി ശനിയാഴ്ച ചിക്കാഗോയിൽ നടക്കുന്ന കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ യോഗത്തിൽ നടത്തപ്പെടുന്നു. കെ.സി.സി.എൻ.എ.യുടെ വിവിധ യൂണിറ്റുകളിൽ നിന്നായി 114 നാഷണൽ കൗൺസിൽ അംഗങ്ങൾ അന്നേ ദിവസം യോഗത്തിൽ പങ്കെടുക്കും. നമ്മുടെ നാഷണൽ കൗൺസിൽ അംഗങ്ങളായ സെറീന മടയനക്കാവിലിനെ കെ.സി.സി.എൻ.എ. ജോ. സെക്രട്ടറി സ്ഥാനത്തേക്കും ദീപു കണ്ടാരപ്പള്ളിയെ കെ.സി.സി.എൻ.എ ചിക്കാഗോ റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ കെ.സി.എസ്. നാഷണൽ കൗൺസിൽ അംഗങ്ങൾ നോമിനേറ്റ് ചെയ്തു.

Special Thanks to KCS Womens forum Committee for conducting the successful Holiday party

(photo feature will follow in next news letter)

GYM for K.C.S. members

The GYM for KCS members from January through May of this year at FELDMAN PARK, DES PLAINES (one block south of Golf and Western) is starting on 1/12/13. The rent schedule of the GYM is as follows: Every Saturday from 4:00pm to 6:00pm, and every Sunday from 1:30pm to 3:30pm. The gym will be rented through May 31, 2013 during every weekend. The monthly rent will be $1440.00 for this gym, and one participating family (not per child) will be asked to pay only $100.00 for the entire five months to cover the rent expenses.

For Info, please contact Jessmon Puramadathil at 224-595-4360 or any other executive members.

ലെജിസ്ലേറ്റീവ് ബോർഡിലേക്ക് നോമിനേറ്റു ചെയ്തു

ജോസ് തട്ടാറേട്ട്

റോയി ചേലമലയിൽ

ജോർജ് ഏലൂർ

ലെജിസ്ലേറ്റീവ് ബോർഡ് അംഗങ്ങളായ ടോമി നെടിയകാലാ, ദീപു കണ്ടാരപ്പള്ളി എന്നിവർ കെ. സി.സി.എൻ.എ നാഷണൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാലും, സാജൻ മുടിയൂർക്കുന്നേൽ ഹൂസ്റ്റണിലേക്ക് താമസം മാറ്റിയതും കൊണ്ടും ഒഴിവുവന്ന ലെജിസ്ലേറ്റീവ് ബോർഡ് സ്ഥാനങ്ങളിലേക്ക് ജോസ് തട്ടാറേട്ട്, റോയി ചേലമലയിൽ, ജോർജ് ഏലൂർ എന്നിവരെ ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ തങ്കച്ചൻ വെട്ടിക്കാട്ട് നോമിനേറ്റു ചെയ്തു. ഇവർ മൂന്നുപേരുടേയും കാലാവധി 2013 ഡിസംബർ 31-ാം തീയതി വരെയായിരിക്കും. ജനുവരി 3-ാം തീയതി ലെജിസ്ലേറ്റീവ് ബോർഡ് വൈസ് ചെയർമാൻ സജി തേക്കുംകാട്ടിലിന്റെ മുമ്പിൽ ഇവർ സത്യപ്രതിജ്ഞ ചെയ്തു.

സീനിയർ സിറ്റിസൺ ഫോറം രൂപീകരിക്കുന്നു

കെസിഎസ് ന്റെ ആഭിമുഖ്യത്തിൽ സീനിയർ സിറ്റിസൺ ഫോറം രൂപീകരിക്കുന്നു. ഫെബ്രുവരി 1-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.30 ന് കമ്മ്യൂണിറ്റി സെന്ററിൽ ചേരുന്ന സീനിയർ സിറ്റിസൺ സമ്മേളനത്തിൽ വച്ച് സീനിയർ സിറ്റിസൺ ഫോറം രൂപീകരിക്കുന്നതും, ഫോറം കോർഡിനേറ്റേഴ്സിനേയും തെരഞ്ഞെടുക്കുന്നതായിരിക്കും.

അന്നേ ദിവസം എല്ലാം സീനിയർ സിറ്റിസൺസിനേയും കമ്മ്യൂണിറ്റി സെന്ററിലേക്ക് പ്രത്യേകമായി ക്ഷണിക്കുന്നു.

ക്നാനായ കാത്തലിക് യുവജനവേദി ഓഫ് ചിക്കാഗോയ്ക്ക് നവനേതൃത്വം

ചിക്കാഗോ ക്നാനായ കാത്തലിക് യുവജനവേദിക്ക് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. യുവജനവേദി പ്രസിഡന്റ് ദീപു കണ്ടാരപ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിറിൽ മാളിയേക്കത്തറ (പ്രസിഡന്റ്), ഡിപിൻ ജോസ് വിലങ്ങുകല്ലേൽ(എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), ഷെറിൻ ചേത്തലികരോട്ട് (വൈസ് പ്രസിഡന്റ്), സിബിൾ ഇലവുങ്കൽ(സെക്രട്ടറി), ജോജി പുളിക്കമറ്റം(ജോ. സെക്രട്ടറി), സ്റ്റീഫൻ കണ്ടാരപ്പള്ളി(ട്രഷറർ) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

യുവജനവേദി കോഡിനേറ്റേഴ്സായ ടിനു പറഞ്ഞാട്ട്, നീതു വാളിയാംകുന്നേൽ എന്നിവരും നിയമിക്കപ്പെട്ട പുതിയ ഭാരവാഹികളെ അനുമോദിച്ചുകൊണ്ട് സിറിയക് കൂവക്കാട്ടിൽ, ജോർജ് തോട്ടപ്പുറം എന്നിവർ പ്രസംഗിച്ചു.


സിറിൽ മാളിയേക്കൽത്തറ (പ്രസിഡന്റ്)

ഡിബിൻ വിലങ്ങുകല്ലേൽ (എക്സി. വൈസ് പ്രസിഡന്റ്)

ഷെറിൻ ചേത്തലിൽകരോട്ട് (വൈസ് പ്രസിഡന്റ്)

സിമ്പിൾ ഇലവുങ്കൽ (സെക്രട്ടറി)

ജോജി പുളിക്കാമറ്റം (ജോ.സെക്രട്ടറി)


ടെസ്സാ കണ്ടാരപ്പള്ളിൽ (ജോ.സെക്രട്ടറി)

സ്റ്റീഫൻ കണ്ടാരപ്പള്ളിൽ (ട്രഷറർ)

ടിനു പറഞ്ഞാട്ട് (കോർഡിനേറ്റർ)

നീതു ജോബി വാളിയാംകുന്നേൽ (കോർഡിനേറ്റർ)

സ്വവംശീയ വിവാഹത്തിൽ അധിഷ്ഠിതമായിരിക്കണം കനാനായ ഇടവകകൾ-ചിക്കാഗോ കെ.സി.എസ്.

ചിക്കാഗോ: സ്വവംശീയ വിവാഹത്തിൽ അധിഷ്ഠിതമായിരിക്കണം നോർത്ത് അമേരിക്കയിലെ കനാനായ ഇടവകകൾ എന്ന് ചിക്കാഗോ കനാനായ കാത്തലിക് സൊസൈറ്റി ആവശ്യപ്പെട്ടു. ജന്മം കൊണ്ടും കർമ്മംകൊണ്ടും കനാനായത്വം സംരക്ഷിക്കുന്ന കനാനായക്കാരുടെ മാത്രമായിരിക്കണം കനാനായ ഇടവകകൾ. കനാനായക്കാരുടെ ഉടമസ്ഥതയിലും നേതൃത്വത്തിലുമായിരിക്കണം കനാനായ ഇടവകകൾ പ്രവർത്തിക്കേണ്ടത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള കനാനായ പൈതൃകത്തിനും പാരമ്പര്യങ്ങൾക്കും മൂല്യങ്ങൾക്കും നിരക്കുന്നതല്ല ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് ഡിസംബർ 20-ാം തീയതി ഇറക്കിയ ഇടയലേഖനം. പ്രസ്തുത ഇടയലേഖനത്തിലെ ഉള്ളടക്കം കനാനായ സമുദായാംഗങ്ങളുടെ പാരമ്പര്യങ്ങൾക്കും കൂട്ടായ്മക്കും വിരുദ്ധമായതിനാൽ ഈ ഇടയലേഖനം ചിക്കാഗോ കനാനായ കാത്തലിക് സൊസൈറ്റി തിരസ്ക്കരിക്കുന്നു. 1986ൽ റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷൻ നോർത്ത് അമേരിക്കയിലെ കനാനായ സമുദായ അംഗങ്ങളുടെ താല്പര്യങ്ങൾക്കും അവർ നൂറ്റാണ്ടുകളായി പിൻതുടരുന്ന പാരമ്പര്യങ്ങൾക്കും യാതൊരു മൂല്യവും കല്പിക്കാതെ ഏകപക്ഷീയമായി എടുത്ത തീരുമാനത്തിലൂടെ കനാനായ സമുദായത്തെ മുറിവേൽപ്പിക്കുകയാണുണ്ടായത്. പ്രസ്തുത തീരുമാനം പുനപരിശോധിക്കാൻ കോട്ടയം അതിരൂപതാ നേതൃത്വവും, കെ.സി.സി.എൻ.എ. നേതൃത്വവും, നോർത്ത് അമേരിക്കയിലെ സഭാനേതൃത്വവും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം ആവശ്യപ്പെട്ടു. ചിക്കാഗോ കനാനായ കാത്തലിക് കമ്മ്യൂണിറ്റി സെന്ററിൽ പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 10-ാം തീയതി കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ സ്വാഗതവും, സെക്രട്ടറി ജൂബി വെണ്ണല ശേരി കൃതജ്ഞതയും പറഞ്ഞു. ട്രഷറർ ജസ്റ്റിൻ തെങ്ങനാട്ട്, ജോ. സെക്രട്ടറി ബാബു തൈപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ഫണ്ട് റെയ്സിംഗ് നടത്തുന്നു

കെസിഎസ് ന്റെ സ്വപ്ന പ്രോജക്ടായ ജിം സ്വന്തമാക്കുന്നതിനുള്ള ധനശേഖരണാർത്ഥം കെസിഎസ് ന്റെ ആഭിമുഖ്യത്തിൽ മെയ് മാസത്തിൽ ധനശേഖരണ പരിപാടി നടത്തപ്പെടുന്നു. കെസിഎസ് ട്രഷറർ ജസ്റ്റിൻ തെങ്ങനാട്ട്, ഫൈനാൻസ് കമ്മറ്റി ചെയർമാൻ ജയ്മോൻ നന്ദികാട്ട് എന്നിവർ ധനശേഖരണ പരിപാടിക്ക് നേതൃത്വം നല്കും. എല്ലാവരും ഫണ്ട് റെയിസിംഗ് പ്രോജക്ടിനോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജിം സേർച്ചിംഗ് കമ്മറ്റി രൂപീകരിച്ചു

കെസിഎസ് ന് സ്വന്തമായി ഒരു ജിം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന്റെ മുന്നോടിയ ജിം സേർച്ചിംഗ് കമ്മറ്റി രൂപീകരിച്ചു. കെസിഎസ് ട്രഷറർ ജസ്റ്റിൻ തെങ്ങനാട്ട്, സിറിയക് കൂവക്കാട്ടിൽ, സിറിയക് പുത്തൻപുര എന്നിവരുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി സജീവമായി പ്രവർത്തിച്ചുവരുന്നു.

യുവജനങ്ങൾക്കുവേണ്ടി ജിം വീണ്ടും തുടങ്ങുന്നു

കെ.സി.എസ്സിന്റെ ആഭിമുഖ്യത്തിൽ കെ.സി.എസ് യുവജനങ്ങൾക്കുവേണ്ടി ജിം പുനരാരംഭിക്കുന്നു. എല്ലാ ശനിയാഴ്ചയും വൈകിട്ട് 4 മുതൽ 6 വരെയും, ഞായറാഴ്ചകളിൽ 1.30 മുതൽ 3.30 വരെയുമാണ് ജിം പ്രവർത്തിക്കുന്നത്. എല്ലാ മാതാപിതാക്കളും പ്രത്യേക താല്പര്യമെടുത്ത് മക്കളെ ജിമ്മിലേക്ക് എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡസ്പ്ലെയിൻസിലുള്ള ഫെൽഡ്മാൻ പാർക്കിലാണ് ജിം നടത്തപ്പെടുന്നത്.

സൂപ്പർ ബോൾ പാർട്ടി കമ്മ്യൂണിറ്റി സെന്ററിൽ ഫെബ്രുവരി 3ന്

കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ സൂപ്പർബോൾ പാർട്ടി നടത്തുന്നു. സൂപ്പർ ബോൾ ദിനമായ ഫെബ്രു. 3-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിമുതൽ നടക്കുന്ന സൂപ്പർബോൾ പാർട്ടിയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

സോഷ്യൽ ബോഡി യോഗം

കെ.സി.എസ് സോഷ്യൽ ബോഡി അംഗങ്ങളുടെ യോഗം ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ പ്രസിഡന്റ് ജോർജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. മുഴുവൻ കെ.സി.എസ് സോഷ്യൽ ബോഡി അംഗങ്ങളും ഈ യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അജണ്ട

1. ഈശ്വരപ്രാർത്ഥന
2. റിപ്പോർട്ട് - സെക്രട്ടറി
3. ബിൽഡിംഗ് അപ്ഡേറ്റ് - പ്രസിഡന്റ്
4. രണ്ട് ബിൽഡിംഗ് ബോർഡ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്
5. മറ്റ് ഇതര വിഷയങ്ങൾ
6. നന്ദി പ്രകടനം.

കനാനായ ബാസ്ക്കറ്റ് ബോൾ ലീഗ് വമ്പിച്ച വിജയം

കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ ക്നാനായ ബാസ്ക്കറ്റ് ബോൾ ലീഗ് നടത്തി. ഡിസംബർ 16, 22, 23, 29, 30, ജനുവരി 5 ദിവസങ്ങളിലായി നടത്തി ലീഗിൽ നൂറ്റമ്പതോളം യുവജനങ്ങൾ പങ്കെടുത്തു. സിറിയക് കൂവക്കാട്ടിൽ ആരംഭം കുറിച്ച ബാസ്ക്കറ്റ് ബോൾ ലീഗിന് കെവിൻ തൊട്ടിച്ചിറ, ജിമ്മി നെല്ലാമറ്റം എന്നിവർ നേതൃത്വം നൽകി. അനീഷ് കുപ്ലി നയിച്ച ടീം വിജയിയായി.

കെസിഎസ് ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു

(ഒന്നാം പേജിൽനിന്നും തുടർച്ച)

കണ്ണാല, ജിപ്സൺ പിള്ളവീട്ടിൽ, സേവ്യർ മഠത്തിപ്പറമ്പിൽ, പീന മണപ്പള്ളി, സുനിൽ കോയിത്തറ, അബിൻ കുളത്തിൽ കരോട്ട്, ബിജു കണച്ചാംപറമ്പിൽ എന്നിവർ ഡിസംബർ 31-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 10 മണിക്ക് കെസിഎസ് കമ്മ്യൂണിറ്റി സെന്ററിൽ ലെയ്സൻ ബോർഡ് ചെയർമാൻ സജി ഇറപ്പുറത്തിന്റെ മുൻപാകെ സത്യപ്രതിജ്ഞ ചൊല്ലി അധികാരം ഏറ്റെടുത്തു.

അവധിക്ക് നാട്ടിൽ പോയിരിക്കുന്ന ദീപു കണ്ടാരപ്പള്ളിൽ, ജോജോ ആനാലിൽ, ലാലി മുകളേൽ എന്നിവർ പിന്നീട് സത്യപ്രതിജ്ഞ ചെയ്യുന്നതായിരിക്കും. ലെയ്സൻ ബോർഡ് വൈസ് ചെയർമാൻ സജി തേക്കുംകാട്ടിൽ അംഗങ്ങളായ ടോമി വള്ളിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ബിനു കൈതകതൊട്ടിയിൽ എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിനു നേതൃത്വം നൽകി.

ക്രിസ്മസ് ന്യൂഇയർ ആഘോഷിച്ചു

(ഒന്നാം പേജിൽനിന്നും തുടർച്ച)

ട്ടിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ വൈസ്പ്രസിഡന്റ് ബിനു പൂത്തുറ സ്വാഗതവും, സെക്രട്ടറി സൈമൺ മുട്ടത്തിൽ കൃതജ്ഞതയും പറഞ്ഞു. കെ.സി.എസ്. ജോ.സെക്രട്ടറി മത്യാസ് പുല്ലാപ്പള്ളി, ട്രഷറർ ജോമോൻ തൊടുകയിൽ, കെസിസിഎൻഎ ട്രഷറർ നിമ്മി തുരുത്തുവേലിൽ, റീജിയണൽ വൈസ് പ്രസിഡന്റ് ഷിജു ചെറിയത്തിൽ, വിമൻസ് ഫോറം വൈസ് പ്രസിഡന്റ് ഡെല്ലാ നെടിയകാലായിൽ, ലെയ്സൻ ബോർഡ് ചെയർമാൻ സജി ഇറപുറം എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. കെസിഎസ് മുൻകാലങ്ങളിൽ സേവനം ചെയ്ത അംഗങ്ങൾക്ക് സർട്ടിഫിക്കേറ്റ് നൽകി ആദരിക്കുകയുണ്ടായി.

KIDS CLUB

Samaya Thekkumkattil

Alfi Biju Vakkel

Sumy Saji Thekkumkattil

Shibu Mulayanikkunnel

Dear parents,
Samaya Thekkumkattil, Alfi Biju Vakkel, Sumy Saji Thekkumkattil & Shibu Mulayanikkunnel will be the new co-ordinators for kids club. The first meeting of kids club will be held on Friday February 1 at 6.30 pm at the Community Centre. Please send your children to kids club meeting.

എംപ്ലോയ്മെന്റ് ആന്റ് റിസോഴ്സ് കമ്മിറ്റി

കെ.സി.എസ് ന്റെ ആഭിമുഖ്യത്തിൽ എംപ്ലോയ്മെന്റ് ആന്റ് റിസോഴ്സ് കമ്മിറ്റി രൂപീകരിച്ചു. നാട്ടിൽ നിന്നും പുതുതായി എത്തുന്ന സമുദായ അംഗങ്ങൾക്ക് ഈ രാജ്യത്തു ലഭിക്കുന്ന പുതിയ പദ്ധതികളേക്കുറിച്ചും, ആനുകൂല്യങ്ങളേക്കുറിച്ചും, വിവിധ ജോലി സാദ്ധ്യതകളെക്കുറിച്ചും അംഗങ്ങൾക്ക് അറിയിപ്പുകൊടുക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ടോമി കണ്ണാല (ചെയർമാൻ), ജോസ് ഓലിയാനിക്കൽ, ജൂബി വെന്നലശേരി എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

പ്രവർത്തനോദ്ഘാടനവും അഭിവന്ദ്യ പിതാക്കന്മാരുടെ അനുസ്മരണവും

(ഒന്നാം പേജിൽനിന്നും തുടർച്ച)

ന്ധ്യയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. എല്ലാ കെ.സി.എസ് അംഗങ്ങളേയും ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30 ന് കമ്മ്യൂണിറ്റി സെന്ററിലേക്ക് സാദരം ക്ഷണിച്ചു കൊള്ളുന്നു.

ഹോഫ്മാൻ അപ്ഡേറ്റ്

ഹോഫ്മാൻ എസ്റ്റേറ്റിൽ നിലവിലുള്ള ഭവനത്തിൽ താമസിക്കാൻ താമസക്കാരെ ലഭിച്ച വിവിരം അംഗങ്ങളെ അറിയിക്കുന്നു. ഇതിനായി അറ്റകുറ്റപ്പണികൾക്ക് നേതൃത്വം കൊടുക്കുകയും സഹായിക്കുകയും ചെയ്ത മത്യാസ് പുല്ലാപ്പള്ളിക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.













KCS
KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630